കോടികളുടെ ആസ്പത്രി സമുച്ചയങ്ങൾ; വിദഗ്ധ ചികിത്സ മാത്രമില്ല

വി. രാജഗോപാൽ

ഭോപ്പാൽ: കോടിക്കണക്കിന് രൂപ വാരിയെറിഞ്ഞ് സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ റിസർച്ച് സെൻറർതക്കം എല്ലാ സൗകര്യങ്ങളുമുള്ള ഏഴ് ആസ്പത്രികൾ പണിതിട്ടും ഭോപ്പാൽ ദുരന്തത്തിനിരയായവരുടെ വിദഗ്ധ ചികിത്സ 'ജലരേഖ' യായി മാറുന്നു. ഒന്നുമറിയാത്ത പാവങ്ങളുടെ നരകയാതന പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും പരിഹാരമില്ലാതെ നീളുകയാണ്.

വാതകദുരന്തത്തിന് കോടികളുടെ 'സ്മാരകം': ഭോപ്പാലിലെ ഭോപ്പാൽ മെമ്മോറിയൽ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെൻററിൻെറ പ്രവേശനകവാടം

സൗജന്യ ചികിത്സ നൽകുന്നുവെന്നാണ് അധികൃതർ പറയുന്നത്. എന്നാൽ മറ്റ്രാഷ്ട്രങ്ങളിൽ നിരോധിച്ച മരുന്നുകളാണ് ഇവിടെ രോഗികൾക്ക് നൽകുന്നതെന്ന് ഭോപ്പാൽ ഗ്രൂപ്പ് ഫോർ ഇൻഫർമേഷൻ ആൻഡ് ആക്ഷൻെറ സ്ഥാപകൻ ഡോ. സതീനാഥ് സാരംഗി കുറ്റപ്പെടുത്തുന്നു. മെറ്റലർജിയിൽ ഗവേഷണംനടത്തിവരുന്ന സതീനാഥ്വാതകദുരന്തമുണ്ടായതിൻെറ പിറ്റേന്നാണ് ഭോപ്പാലിലെത്തുന്നത്. പിന്നീട് തിരിച്ചുപോയിട്ടില്ല. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ 'സംഭാവന ക്ലിനിക്ക്' എന്ന വലിയ ഒരാസ്പത്രി പ്രവർത്തിക്കുന്നു. സർക്കാറിൽ നിന്നോ മറ്റ്വിദേശ സംഘടനകളിൽ നിന്നോ പണം സ്വീകരിക്കാതെ വ്യക്തിഗത സഹായങ്ങൾ സ്വരൂപിച്ചുകൊണ്ടാണ് ക്ലിനിക്ക് മുന്നോട്ടു നീങ്ങുന്നത്. കാർബൈഡ് ഫാക്ടറിയിൽ നിന്ന് ചോർന്ന മീഥൈൽ ഐസോസൈനേറ്റിൻെറ ഗുരുതരമായ പ്രത്യാഘാതങ്ങളെപ്പറ്റി ഫലപ്രദമായ ഗവേഷണം ഇപ്പോഴും നടത്തുന്നത് 'സംഭാവന ക്ലിനിക്ക്' തന്നെയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. വാതകം ശ്വസിച്ചതിനെത്തുടർന്ന് ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ രോഗങ്ങളുടെ മുന്നിൽ ഡോക്ടർമാർ ഇരുട്ടിൽ തപ്പുകയാണ്.

യൂനിയൻ കാർബൈഡ് നൽകിയ നഷ്ടപരിഹാരമുപയോഗിച്ചാണ് രാജ്യത്തെ ഏറ്റ് വലിയ ആതുരാലയത്തോടും കിടപിടിക്കാവുന്ന ഭോപ്പാൽ മെമ്മോറിയൽ മെഡിക്കൽ റിസർച്ച് സെൻറർ സ്ഥാപിച്ചത്. എന്നാലിവിടെ രോഗികൾക്ക് വേണ്ട പരിഗണനയോ വിദഗ്ധ ചികിത്സയോ കിട്ടുന്നില്ലെന്നാണ് പരാതി. അത്യാധുനിക ഉപകരണങ്ങളുണ്ടെങ്കിലും അതുപയോഗപ്പെടുത്താൻ വേണ്ട വിദഗ്ധ ഡോക്ടർമാരുടെ അഭാവം തിരിച്ചടിയാകുന്നു. വാതകദുരിതബാധിതരേക്കാൾ മറ്റ് സ്വകാര്യ രോഗികൾക്ക് മുൻഗണന ലഭിക്കുന്നുവെന്നും പരാതികളുണ്ട്.

വാതകദുരന്തത്തിന് ഇരയായവരെ ചികിത്സിക്കുന്ന ഉന്നതാധികാര സമിതിക്ക് ആസ്പത്രികളുടെ പ്രവർത്തന മേൽനോട്ടം വഹിക്കുന്ന ചെയർമാനെ ഉടനെ നിയമിക്കണമെന്ന സുപ്രീംകോടതിയുടെ നിർദേശം വന്നിട്ട് രണ്ടാഴ്ച കഴിഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ യോജിപ്പിലെത്താൻ സർക്കാറിനോ ദുരിതബാധിതരുടെ സംഘടനകൾക്കോ കഴിഞ്ഞിട്ടില്ല. ഒ.പി.മെഹ്റ മരിച്ച ശേഷം ചെയർമാൻസ്ഥാനം ഒന്നരക്കൊല്ലമായി ഒഴിഞ്ഞുകിടക്കുകയാണ്.

റിട്ട. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരിലാരെയെങ്കിലും നിയമിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിലും വാതകദുരന്ത ചികിത്സാരംഗത്ത് വിദഗ്ധനെ വേണമെന്നാണ് വിവിധ സംഘടനകളുടെ ആവശ്യം.